LIBRARY ARCHIVES Kerala Legislative Assembly

കൊരട്ടി ഗവൺമെന്റ് പോളിടെക്നിക്കിന്റെ വികസനം

88 (2094) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊരട്ടി ഗവൺമെന്റ് സർക്കാർ പോളിടെക്നിക്കിന്റെ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പോളിടെക്നിക്കിൽ മെക്കാനിക്കൽ ബ്രാഞ്ച് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം അറിയിക്കുമോ ;

(സി) പ്രസ്തുത പോളിടെക്നിക്കിൽ മറ്റ് പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 128 ലക്ഷം രൂപ മുടക്കി ടെക്സ്റ്റയിൽ ടെക്നോളജി ഡിപ്പാർട്ട്മെന്റിന് സ്വന്തമായി കെട്ടിടം നിർമ്മിച്ചു പ്രവർത്തനസജ്ജമാക്കി. ലാബോറട്ടറി നവീകരണത്തിന് 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൊരട്ടി സർക്കാർ പോളിടെക്നിക് കോളേജിൽ നിലവിലുള്ള മറ്റു കോഴ്സുകൾക്ക് ആവശ്യവും ആനുപാതികവുമായ എല്ലാ ഭൗതീകസാഹചര്യങ്ങളും ഇതിനകം തന്നെ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) ഇത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

പാലക്കാട് ഗവൺമെന്റ് പോളിടെക്നിക്കിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമ കോഴ്സ് ആരംഭിക്കാൻ നടപടി

89 (2095) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ഗവൺമെന്റ് പോളിടെക്നിക്കിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമ കോഴ്സ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ ;

(സി) കോഴ്സ് ഇനിയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) കോഴ്സ് ആരംഭിക്കുവാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) ഉണ്ട്. പ്രസ്തുത കോഴ്സ് ആരംഭിക്കാൻ എ.ഐ.സി.ടി.ഇ. യുടെ അംഗീകാരത്തിനായി അപേക്ഷിക്കുകയും, 2010-11 വർഷം മുതൽ പുതുതായി ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ഡിപ്ലോമാ കോഴ്സ് പാലക്കാട് ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ ആരംഭിക്കാൻ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. തസ്തിക സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള സമ്പത്തിക ബാദ്ധ്യത പരിശോധിച്ചുവരുന്നു.

ഐ.സി.ടി. അധിഷ്ഠിത വിദ്യാഭ്യാസത്തിനായി സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ

90 (2096) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.സി.ടി അധിഷ്ഠിത വിദ്യാഭ്യാസത്തിനായി സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ വിശദീകരിക്കുമോ ;

(ബി) 'ഒരു നിയമസഭ' നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ ഐ.റ്റി. സ്കൂൾ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; പ്രസ്തുത പദ്ധതിപ്രകാരം കണ്ണൂർ റവന്യൂ ജില്ലയിലെ മാതൃകാ ഐ.റ്റി. സ്കൂളുകൾ ഏതൊക്കെയാണെന്ന് വിശദീകരിക്കുമോ ; പ്രസ്തുത സ്കൂളിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ ;

(സി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന സ്മാർട്ട് സ്കൂൾ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; പ്രസ്തുത പദ്ധതി പ്രകാരം കണ്ണൂർ റവന്യൂ ജില്ലയിൽ ഏതൊക്കെ സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത് ;

(ഡി) ഐ.റ്റി. അറ്റ് സ്കൂൾ പദ്ധതി പ്രകാരം അദ്ധ്യാപകർക്ക് ലാപ്ടോപ്പുകളും "നോട്ട്ബുക്കും" നൽകുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണ് ; ഏതൊക്കെ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം സൗജന്യം അനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) അപേക്ഷിക്കുന്ന മുഴുവൻ അദ്ധ്യാപകർക്കും പ്രസ്തുത പദ്ധതി പ്രകാരം സൗജന്യ നിരക്കിൽ ലാപ്ടോപ്പും 'നോട്ട്ബുക്കും' നൽകുമോ?

ഉത്തരം

(എ) സ്കൂളുകളിൽ എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർ സഹായത്തോടെ പഠിപ്പിക്കുന്നതിനാണ് ഐ.സി.റ്റി. അധിഷ്ഠിത വിദ്യാഭ്യാസ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇതിനായി 3953 ഇടങ്ങളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിക്കഴിഞ്ഞു. മറ്റ് ഐ.സി.റ്റി. അനുബന്ധ ഉപകരണങ്ങളുടെ ആവശ്യകത സ്കൂളുകളിൽ നിന്ന് ശേഖരിച്ച് സ്കൂളുകൾക്ക്